Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. KITE/2019/1562 (23) തീയതി :06.06.2019

## സർക്കുലർ

**വിഷയം:- കൈറ്റ് - ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾക്ക് ഏകദിന ശില്പശാല ക്രമീകരിക്കുന്നതിനുള്ള നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 1. സ.ഉ.(സാധാ) നം.361/2018/പൊ.വി.വ. തീയതി 20.01.2018.

2. ഈ ഓഫീസിലെ 26.04.2019-ലെ കൈറ്റ്/2019/1562(9) നമ്പർ നടപടി ഉത്തരവ്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ – എയ്ഡഡ് വിദ്യാലയങ്ങളിൽ സൂചന 2 പ്രകാരം 2019- 20 ബാച്ചിൽ 2010 യൂണിറ്റുകൾക്ക് പ്രവർത്താനുമതി നൽകിയിട്ടുണ്ട്. ഈ യൂണിറ്റുകളിൽ പ്രാഥമിക ക്യാമ്പ് നടത്തുന്നതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു :

1. യൂണിറ്റ് അനുവദിച്ച സ്കൂളുകളിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുമായി 2019 ജൂൺ 18 നകം ഏകദിന ശില്പശാല നടത്തേണ്ടതാണ്.
2. കൈറ്റ് തയ്യാറാക്കിയ പ്രത്യേക മൊഡ്യൂൾ ഉപയോഗിച്ചാണ് ശില്പശാല നടത്തേണ്ടത്.
3. പ്രാഥമിക ക്യാമ്പിൽ ഒരു മാസ്റ്റർ ട്രെയിനറും, മികച്ച രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യാൻ കഴിയുന്ന ഒരു എസ്.ഐ.റ്റി.സിയുമാണ് ആർ.പി മാരാകേണ്ടത്. കൂടാതെ സ്കൂൾ കൈറ്റ് മാസ്റ്റർ/മിസ്ട്രസ്സുമാരുടെ സേവനം കൂടി പ്രയോജനപ്പെടുത്തേണ്ടതാണ്.
4. പ്രാഥമിക ക്യാമ്പിൽ പങ്കെടുക്കുന്ന ആർ.പിമാർക്ക് 500/- രൂപ നിരക്കിൽ ഡി.ആർ.സി. ഫണ്ടിൽ നിന്നും ക്യാമ്പ് പൂർത്തിയാകുന്ന മുറയ്ക്ക് ഓണറേറിയം നൽകേണ്ടതാണ്.
5. ഇരുപത്തിയഞ്ചോ അതിൽ കൂടുതലോ അംഗങ്ങൾ ഉള്ള യൂണിറ്റുകളിൽ അതതു സ്കൂളുകളിലും കുറവുള്ള സ്കൂളുകൾ കൂട്ടിച്ചേർത്തും (അംഗങ്ങളുടെ എണ്ണം 50-ൽ കവിയാത്തവിധം) ശില്പശാല ക്രമീകരിക്കേണ്ടതാണ്.

കെ. അൻവർ സാദത്ത്
വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും
കൈറ്റിലെ എല്ലാ ജില്ലാ കോർഡിനേറ്റർ/മാസ്റ്റർ ട്രെയിനർ കോ-ഓർഡിനേറ്റർ/മാസ്റ്റർട്രെയിനർമാർക്കും

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - ആമുഖ കത്ത് സഹിതം
എല്ലാ ഡി.ഡി.ഇ, ഡി.ഇ.ഒ-മാർക്കും